(സി) ഈ പദ്ധതിക്കായി ഗ്രാമ പഞ്ചായത്ത് അടച്ച തുക പ്രവൃത്തി ചെയ്യാത്തതിനാൽ പഞ്ചായത്തിനുതന്നെ തിരിച്ചു നൽകിയിട്ടുണ്ട്.

(ഡി) ബാക്കി പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇത് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തുന്നകാര്യം പരിശോധിച്ചുവരുന്നു.

പേരാവൂർ മണ്ഡലത്തിലെ വെയർ കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തികൾ

106 (703) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാവൂർ നിയോജക മണ്ഡലത്തിൽ 2006-10 വർഷകാലയളവിൽ മൈനർ ഇറിഗേഷൻ വകുപ്പ് എത്ര വെയർ-കം-ബ്രിഡ്ജുകൾക്ക് തുക അനുവദിച്ച് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വെയർ-കം-ബ്രിഡ്ജുകളുടെ നിർമ്മാണ പ്രവർത്തന പുരോഗതി വിശദീകരിക്കുമോ ; ഇവയുടെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 10 വെയർ-കം-ബ്രിഡ്ജുകൾക്ക്

(ബി) പ്രസ്തുത വെയർ-കം-ബ്രിഡ്ജുകളുടെ നിർമ്മാണ പ്രവർത്തന പുരോഗതി അനുബന്ധമായി ചേർക്കുന്നു. *

മുല്ലപ്പെരിയാറിലെ നിർദ്ദിഷ്ട അണക്കെട്ടിന്റെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി

107 (704) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോർജ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാറിലെ നിർദ്ദിഷ്ട അണക്കെട്ടിന്റെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അണക്കെട്ടിനെ സംബന്ധിക്കുന്ന രഹസ്യ വിവരങ്ങൾ ബന്ധപ്പെട്ട അധികൃതർ തമിഴ്നാടിന് ചോർത്തി കൊടുക്കുന്നുവെന്ന് വെളിപ്പെടുത്തുന്ന പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്രകാരം പുറത്തുവന്ന വാർത്തകൾ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ വാർത്തയുടെ നിജസ്ഥിതി സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായോ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

ഉത്തരം

(എ) മുല്ലപ്പെരിയാർ വിഷയം സംബന്ധിച്ച കേസ് ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലായതു കൊണ്ട് അണക്കെട്ടിന്റെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയിട്ടില്ല. പുതിയ ഡാമിന്റെ നിർമ്മാണത്തിന് ആവശ്യമായ സർവ്വേ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. സർവ്വേ ചെയ്ത് പുതിയ ഡാമിനു വേണ്ടിയുള്ള അലൈൻമെന്റ് കണ്ടെത്തുകയും അതിൽ 5 ബോർഹോൾ എടുത്ത് സാമ്പിൾ പരിശോധിക്കുകയും ചെയ്യുകയുണ്ടായി. പ്രസ്തുത വിവരങ്ങൾകൊണ്ട് പുതിയ ഡാമിന്റെ രൂപകൽപ്പന ചെയ്തു. ഈ വിവരങ്ങൾ ചേർത്ത് കരട് ഡി.പി.ആർ, ഫീസിബിലിറ്റി റിപ്പോർട്ട് എന്നിവ തയ്യാറാക്കി. തയ്യാറാക്കിയ കരട് DPR-ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി സാങ്കേതികമായി കുറ്റമറ്റ വിധത്തിൽ 2011 മേയ് മാസത്തിൽ അന്തിമ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ പഠനത്തിന് ആവശ്യമായ 10 അധിക ബോർഹോളിന്റെ പണി ഏകദേശം പൂർത്തിയായിക്കഴിഞ്ഞു.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

ചെക്ക്ഡാം-കം-ട്രാക്ടർ വേ നിർമ്മാണം

108 (705) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ ചെറുപുഴ പഞ്ചായത്തിൽ നിലവിലുള്ള കമ്പിപാലത്തിന് സമീപം ഒരു ചെക്ക് ഡാം കം ട്രാക്ടർ വേ നിർമ്മിക്കുന്നതിന് നബാർഡ് മുഖേന അനുമതി ലഭിക്കുകയും ഇതിനാവശ്യമായ ഡിസൈനും ഡീറ്റെയിൽഡ് എസ്റ്റിമേറ്റും വകുപ്പ് തയ്യാറാക്കി സമർപ്പിച്ച് കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാനുള്ള അനുമതി ലഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

ഉത്തരം

കണ്ണൂർ ജില്ലയിലെ ചെറുപുഴ പഞ്ചായത്തിൽ നബാർഡ് സാമ്പത്തിക സഹായത്തോടു കൂടിയ RIDF XIII-ൽ ഉൾപ്പെടുത്തിയ കാര്യം കോട് പുഴയ്ക്കുകുറുകെ ചെറുപുഴയിൽ ട്രാക്ടർ പാതയടക്കമുള്ള വെന്റഡ്

LIBRARY ARCHIVES Kerala Legislative Assembly